(ബി) സ്പെഷ്യാലിറ്റി/അഡ് മിനിസ്ട്രേറ്റീവ് കേഡറിലെ അപാകതകൾ പരിഹരിക്കണമെന്നും മറ്റും ആവശ്യപ്പെട്ടാണ് ഇപ്പോൾ നിസ്സഹരണ സമരം നടത്തുമെന്ന് അറിയിച്ചിട്ടുള്ളത്.

(സി) ഉദ്യോഗസ്ഥതലത്തിലുള്ള അവലോകനയോഗങ്ങളിൽ നിന്നു മാത്രമാണ് ഡോക്ടർമാർ വിട്ടുനിൽക്കുന്നത്.

(ഡി) നടത്തി.

(ഇ) & (എഫ്) ഡോക്ടർമാരുടെ വ്യക്തിഗത അപ്പീലുകൾ പരിശോധിച്ച് പരിഹാര നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി ജി.ഒ (എം.എസ്) നം.356/10/ആ.കുവ തീയതി 6-6-2010 പ്രകാരം 168 ഡോക്ടർമാരുടേയും ജി.ഒ. (ആർ.റ്റി) 2526/10/ആ.കു.വ തീയതി 28-6-2010 പ്രകാരം 133 ഡോക്ടർമാരുടേയും അപ്പീലുകൾ പരിഗണിച്ച് സ്ഥലംമാറ്റം നൽകി. ഒഴിവുള്ള തസ്തികകളിലേക്ക് കൂടി ഓപ്ഷൻ ക്ഷണിച്ച് നിയമനം നടത്താൻ നടപടി സ്വീകരിച്ചു.

ഗ്രാമീണ മേഖലയിൽ നിർബന്ധിത സേവനം

22 (*682) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എം.ബി.ബി.എസ് പഠനം പൂർത്തിയാക്കുന്ന ഡോക്ടർമാർക്ക് ഗ്രാമീണ മേഖലയിൽ സേവനം നിർബന്ധമാക്കിയത് എന്നു മുതലാണ് ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഡോക്ടർമാർക്ക് ഗ്രാമീണ മേഖലയിൽ സേവനം നിർബന്ധമാക്കിയതിനുശേഷം പ്രതിവർഷം എത്ര ഡോക്ടർമാർ വീതം പഠിച്ചിറങ്ങിയെന്നും ഇവരിൽ എത്ര പേർവീതം ഗ്രാമീണ മേഖലയിൽ സേവനം അനുഷ്ഠിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) ഗ്രാമീണ മേഖലയിൽ നിർബന്ധിത സേവനത്തിന് വിസമ്മതിക്കുന്ന ഡോക്ടർമാർക്കെതിരെ എന്തെല്ലാം ശിക്ഷാ നടപടികളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത് ; ആയതു പ്രകാരം ശിക്ഷാ നടപടികൾക്ക് എത്ര ഡോക്ടർമാർ വിധേയരായി ; വ്യക്തമാക്കുമോ ;

(ഡി) സർക്കാർ മെഡിക്കൽ കോളേജുകളിൽനിന്ന് വിജയകരമായി പഠനം പൂർത്തിയാക്കി പുറത്തുവരുന്ന ഒരു ഡോക്ടർക്ക് പഠന ചെലവിനായി ഖജനാവിൽ നിന്ന് എത്ര തുകയാണ് സർക്കാർ ചെലവഴിക്കുന്നത് ; വ്യക്തമാക്കുമോ ;

(ഇ) ഗ്രാമീണ മേഖലയിലുള്ള ആതുരാലയങ്ങളിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ലാത്തതുമൂലം ഉളവായിട്ടുള്ള പ്രതിസന്ധി പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) 1998 മുതലുള്ള പ്രൊമോഷണൽ ഡിഗ്രി പ്രോസ്പെക്ടസിൽ കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ വിജയകരമായി എം.ബി.ബി.എസ്. പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രാമീണ സേവനം നിർബന്ധമാണെന്ന് രേഖപ്പെടുത്തിയിരുന്നെങ്കിലും അത് നടപ്പിലാക്കിയിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷമാണ് 22-12-2006-ലെ GO(MS)272/06/H &FWD ഉത്തരവു പ്രകാരം ഗ്രാമീണ സേവനം നിർബന്ധമാക്കി നടപ്പിലാക്കിയത്.

(ബി) എഴുന്നൂറോളം ഡോക്ടർമാർ പഠനം പൂർത്തിയാക്കി പുറത്തിറങ്ങുകയും അവരെ ഗ്രാമീണസേവനത്തിനായി നിയോഗിക്കുകയും ചെയ്യാറുണ്ട്.

(സി) ഗ്രാമീണ സേവനം ചെയ്യാത്ത ഡോക്ടർമാരിൽനിന്ന് പിഴയായി 5,00,000 രൂപ ഈടാക്കുന്നതും അവർക്കെതിരെ 2002-ലെ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ റെഗുലേഷൻ വ്യവസ്ഥകളനുസരിച്ച് ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. പരാജരാകാത്ത ഡോക്ടർമാർക്കെതിരെ മുകളിൽപ്പറഞ്ഞ പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകുമ്പോൾ അവർ ജോലിക്ക് പരാജരാവുകയും ശിക്ഷണ നടപടികളിൽനിന്ന് ഒഴിവാകുകയും ചെയ്യാറുണ്ട്.

(ഡി) ഇതു സംബന്ധിച്ച കണക്കുകളെക്കുറിച്ച് ആധികാരികമായ പഠനം നടത്തിയിട്ടില്ല.

(ഇ) ഗ്രാമീണ മേഖലയിലെ ആതുരാലയങ്ങളിൽ ആവശ്യത്തിനുള്ള ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്.

ഭൂഗർഭ ജല ചൂഷണം

23 (*683) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂഗർഭജല ചൂഷണം കുറയ്ക്കണമെന്ന നിർദ്ദേശം നടപ്പാക്കാത്ത കഞ്ചിക്കോട്ടെ പെപ്സി കമ്പനിക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ പ്രതിദിനം ഇവിടെ എത്ര ഭൂഗർഭ ജലമാണ് കമ്പനി ഉപയോഗിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly